കാലാവസ്ഥ മാറ്റത്തിന്റെ അഭയാർത്ഥികൾ

# കാട്, കാടർ, കാലാവസ്ഥ: താളം തെറ്റുന്ന പാരസ്പര്യങ്ങൾ

ചോലക്കാടുകളെ സംരക്ഷിച്ച് പുഴകളെ സമ്പന്നമാക്കുന്ന, താഴ്‌വരകൾക്കും തീരങ്ങൾക്കും വേണ്ടി മലകളിൽ നിന്നും പുഴകളെ താഴേക്ക് ഒഴുക്കുന്ന, കാട് തങ്ങളുടേതാണ് എന്ന് അവകാശപ്പെടാതെ തങ്ങൾ കാടിന്റേതാണെന്ന ബോധത്തിൽ ജീവിക്കുന്ന കാടർ ആദിവാസി വിഭാഗത്തെ കാലാവസ്ഥാ വ്യതിയാനം എങ്ങനെ ബാധിക്കുന്നു എന്ന്

**രഞ്ജിത് കാവുങ്കര**

**“ചൂടാണ്** സാറേ... ചൂട് കൂടിക്കൊണ്ടിരിക്കുകയാണ്. ഞങ്ങൾക്ക് ചൂട് തീരെ സഹിക്കൻ പറ്റൂല. നാട്ടുകാർക്ക് ചൂട് വല്ല്യ പ്രശ്നമല്ല. പക്ഷെ കാടനങ്ങനെയല്ല. ഒരിത്തിരി ചൂട് കൂടിയാൽപോലും ഞങ്ങൾക്ക് വല്ലാത്ത അസ്വസ്ഥതയാ. അതുകൊണ്ടാ ഈ കാടു വിട്ട് ഞങ്ങളെങ്ങും പോകാത്തത്.”

കാലാവസ്ഥാ വ്യതിയാനത്തെപ്പറ്റി ചോദിച്ചപ്പോൾ ബാലൻ കുട്ടിമാമൻ വേഗം വാചാലനായെങ്കിലും താളപ്പിഴകൾ നിറയുന്ന പ്രകൃതി ആ വാക്കുകളിൽ ഇടറിനിൽപ്പുണ്ടായിരുന്നു. 75 വയസ്സുള്ള ബാലൻ കുട്ടിമാമൻ വാഴച്ചാൽ കാടർ കോളനിയിലെ എറ്റവും പ്രായം കൂടിയ കാടർ ആദിവാസിയാണ്. ആദ്യം സംസാരിക്കാൻ കൂട്ടാക്കാതിരുന്ന ബാലൻ കുട്ടിമാമൻ, ഒരു കാടന്റെ നിഷ്കളങ്കമായ ലജ്ജ മാറി സംഭാഷണത്തിലേക്കെത്താൻ ഒരുപാട് സമയമെടുത്തു. പക്ഷെ സംസാരം തുടങ്ങിയപ്പോൾ, ഭൂമിക്കോ പ്രകൃതിക്കോ മുറിവൊന്നുമേൽപ്പിക്കാതെ, അത്യന്തം കരുതലോടെ ജീവിക്കുന്ന പ്രാക്തനമായ ഒരു മനുഷ്യവിഭാഗം കാലാവസ്ഥാ വ്യതിയാനത്തിന്റെ കെടുതികൾ എങ്ങനെയൊക്കെയാണ് അനുഭവിക്കുന്നത് എന്നതിന്റെ നേർ സാക്ഷ്യങ്ങൾ വേദനകളായി പുറത്തുവന്നു.

കാലാവസ്ഥാ വ്യതിയാനത്തിന്റെ കെടുതികൾ വ്യത്യസ്ത സമൂഹങ്ങൾ എങ്ങനെയെല്ലാമാണ് അനുഭവിക്കാൻ പോകുന്നതെന്ന്, അനുഭവിച്ചുകൊണ്ടിരിക്കുന്നത് എന്ന് ഇനിയും വേണ്ടത്ര മനസ്സിലാക്കിത്തുടങ്ങിയിട്ടില്ല. പ്രകൃതിയോടും പ്രകൃതിവിഭവങ്ങളോടും നേരിട്ട് ഇടപഴകുന്ന ജനവിഭാഗങ്ങളെയാണ് കാലാവസ്ഥാ വ്യതിയാനം ഭീകരമായി ബാധിക്കുന്നത് എന്നാണ് കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ച് പഠിക്കുന്ന ഇന്റർ ഗവണ്മെന്റ് പാനൽ ഓൺ ക്ലൈമറ്റ് ചെയിഞ്ച് (Intergovernmental Panel on Climate Change - IPCC) പറയുന്നത്.

പ്രകൃതിയുടെ ഭാഗമായി ജീവിച്ചിരുന്ന ജനത നാഗരികതകൾ പടുത്തുയർത്തി ആർഭാട സൗകര്യങ്ങളിലേക്കും വേഗതകളിലേക്കും കുടിയേറിപാർത്തെങ്കിലും ചെറിയൊരു വിഭാഗം മനുഷ്യർ ഇപ്പോഴും കാടിന്റെയും മലകളുടെയും പുഴകളുടേയും ആർദ്രതയിൽ തന്നെ ജീവിതം തുടരുന്നുണ്ട്. കാടർ അക്കൂട്ടത്തിൽപ്പെടുന്ന ഒരു ആദിവാസി വിഭാഗമാണ്.

അമൂല്യമായ ജൈവസമ്പത്തും അതുമായി ബന്ധപ്പെട്ട അപാരമായ പാരിസ്ഥിതിക വിജ്ഞാനവും തലമുറകളായി കൈമാറി സൂക്ഷിക്കുന്നവർ. ചോലക്കാടുകളെ സംരക്ഷിച്ച് പുഴകളെ സമ്പന്നമാക്കുന്നവർ.താഴ്വാരങ്ങൾക്കും തീരങ്ങൾക്കും വേണ്ടി മലകളിൽ നിന്നും പുഴകളെ താഴേക്ക് ഒഴുക്കുന്നവർ, അപൂർവ്വതകളുടേയും നിഗൂഢതകളുടേയും കാവൽക്കാർ. കാട് തങ്ങളുടേതാണ് എന്ന് ഒരിക്കലും പറയാതെ, തങ്ങൾ കാടിന്റേതാണെ ബോധത്തിൽ ജീവിതം തുടരുന്നവർ.

സഹ്യാദ്രി മലനിരകളുടെ തെക്കൻ ഭാഗങ്ങളായ നെല്ലിയാമ്പതി, പറമ്പിക്കുളം ഭാഗങ്ങളിലാണ് കാടർ ആദിവാസികൾ ജീവിച്ചു വരുന്നത്. കേരളത്തിലെ അഞ്ച് പ്രാക്തന ഗോത്രങ്ങളിൽ ഒന്നാണിവർ. ചാലക്കുടി നദീതടത്തിലാണ് 200ൽ താഴെയുള്ള കാടർ ആദിവാസികൾ വസിക്കുന്നത്. ജീവസന്ധാരണത്തിന് കാടിനേയും പുഴയേയും ആശ്രയിക്കുന്ന ഇവരുടെ പ്രധാന വരുമാന മാർഗ്ഗം മീൻപിടുത്തവും വനവിഭവശേഖരണവുമാണ്. ഭക്ഷണം, ആരാധന, വിവാഹം, മരണാനന്തരചടങ്ങുകൾ തുടങ്ങിയ ജീവിതത്തിലെ എല്ലാ ചെറിയ, വലിയ കാര്യങ്ങൾക്കും അവർ പുഴയേയും കാടിനേയും കൂടെക്കൂട്ടുന്നു. പുഴയിൽ മീനിനോ കാട്ടിലെ തേനിനോ ചെറിയ കുറവുണ്ടായാൽ പോലും ഒരു കാടന്റെ ജീവിതത്തെ അത് പ്രതികൂലമായി ബാധിക്കും.

കേരളത്തിൽ പാലക്കാട്, തൃശൂർ ജില്ലകളിൽ മാത്രം കാണപ്പെടുന്ന ഇവർ കാലക്രമേണ പുഴയുടെ വഴിയേ സഞ്ചരിച്ച് അതിരപ്പിള്ളി, വാഴച്ചാൽ മേഖലകളിൽ എത്തിപ്പെടുകയായിരുന്നു. അതിരപ്പിള്ളി വെള്ളച്ചാട്ടത്തിനടുത്തും പെരിങ്ങൽക്കുത്ത് ചോലയാർ മേഖലകളിലും പുഴയോരത്ത് ഇവർ ജീവിതം തമ്പടിച്ചു. 1980 കൾക്ക് ശേഷം അതിരപ്പിള്ളിയിൽ നിന്നും കയറി വാച്ചുമരം, പൊകലപ്പാറ എന്നീ പ്രദേശങ്ങളിലേക്ക് വാസസ്ഥലങ്ങൾ മാറ്റുകയും പിന്നീട് മാറിവന്ന നിയമ പശ്ചാത്തലത്തിൽ ഊരുകളായി താമസിച്ചുതുടങ്ങുകയും ചെയ്തു. 1940ൽ കാടർ അതിരപ്പിള്ളി വെള്ളച്ചാട്ടത്തിന് സമീപം താമസിച്ചതിന് തെളിവുകൾ ലഭ്യമാണ്.

## കാടരും പുഴയും

കാടരുടെ ജീവിതത്തിൽ കാടിനുള്ള അത്ര തന്നെ പ്രാധാന്യമുണ്ട് പുഴയ്ക്കും. കാടരുടെ ചരിത്രം പരിശോധിക്കുകയാണെങ്കിൽ പുഴത്തീരങ്ങളെ അടിസ്ഥാനമാക്കിയാണ് അവർ വാസസ്ഥലങ്ങൾ തിരഞ്ഞെടുത്തിരുന്നത് എന്ന് കാണാൻ കഴിയും. കുടിക്കാനും മറ്റ് ദൈനംദിന ആവശ്യങ്ങൾക്കും വെള്ളം ശേഖരിക്കുന്നത് മുതൽ തങ്ങളുടെ സവിശേഷമായ ആചാരങ്ങൾക്കുവരെ ഇവർ പുഴയെ ആശ്രയിക്കുന്നു. കാലാവസ്ഥ മാറുന്നതുമൂലം പുഴയുടെ ഒഴുക്കിന്റെ തനത് താളം ആകെ മാറിമറയുന്നു. വെള്ളത്തിന്റെ ഗുണനിലവാരത്തിലും വലിയ മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ട്. ഈ മാറ്റങ്ങൾ കാടരുടെ ജീവിതത്തെ വല്ലാതെ ബാധിക്കുന്നുണ്ട്. ഏതൊരു മനുഷ്യന്റെയും ജീവിത ചര്യകൾക്ക് ഒരു ക്രമമുണ്ടാകും. ഒരു സാധാരണ മനുഷ്യന് രാവിലെ വെള്ളം ആവശ്യമായിവരുന്നത് പ്രാഥമിക കൃത്യങ്ങൾക്കാണ്. രാവിലെ പുഴയിലൂടെ വെള്ളം ഒഴുകുന്നില്ലെങ്കിൽ അഥവാ ഒഴുകുന്ന വെള്ളം ശുദ്ധമല്ലെങ്കിൽ പ്രാഥമിക കാര്യങ്ങൾ ആകെ അവതാളത്തിലാകും. ഇങ്ങനെ ഓരോരോ സമയത്തും ആവശ്യത്തിന് വെള്ളമില്ലാത്തത് പുഴയുമായി ബന്ധപ്പെട്ട് കാടർ ചെയ്യുന്ന എല്ലാ പ്രവൃത്തികളേയും ബാധിക്കുന്നു. കാടർ ആശ്രയിക്കുന്ന ചാലക്കുടിപുഴയിൽ ആ പുഴക്ക് താങ്ങാവുന്നതിലധികം അണക്കെട്ടുകളും ജലസേചന പദ്ധതികളും ഉണ്ട്. ആവശ്യത്തിന് മഴ പെയ്താൽ മാത്രമേ ഈ അണക്കെട്ടുകളും ജലസേചന പദ്ധതികളും ഒക്കെ കടന്ന് കാടർക്ക് ആവശ്യമുള്ള വെള്ളം ലഭിക്കൂ. വിഭവ ദൗർലഭ്യമുണ്ടാകുമ്പോൾ ഗുണഭോക്താക്കളുടെ പട്ടികയിൽ ഏറ്റവും പിന്നിലായിരിക്കും കാടരുടെ സ്ഥാനം. കാലാവസ്ഥാ വ്യതിയാനത്തിന്റെ ലിംഗപരമായ പക്ഷപാതിത്വം പ്രസിദ്ധമാണ്. അതായത് കാലാവസ്ഥാ വ്യതിയാനക്കെടുതികൾ പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീകൾക്കാണ് കൂടുതലായി അനുഭവിക്കേണ്ടി വരുന്നത്. പ്രാഥമിക കാര്യങ്ങൾക്കും മറ്റുമുള്ള ബുദ്ധിമുട്ടുകൾ മുതൽ അനാരോഗ്യകരമായ സ്ത്രീപുരുഷ ബന്ധത്തിലേക്ക് വരെ ഇതു നീളുന്നുണ്ട്. “കാടർ ദമ്പതിമാർക്കിടയിൽ ഉണ്ടാകുന്ന വഴക്കിന് വരെ കാലാവസ്ഥാ വ്യതിയാനം കാരണമാകുന്നുണ്ട്.” ചാലക്കുടിപുഴ സംരക്ഷണ സമിതിയിൽ ജോലിചെയ്യുന്ന രജനീഷ് പറയുന്നു.

“പുഴയിൽ ശുദ്ധജലം ഇല്ലാത്തതിനാൽ വീടുമായി ബന്ധപ്പെട്ട ജോലികൾ ചെയ്യാൻ സ്ത്രീകൾക്ക് പ്രയാസം നേരിടുന്നു. സമയത്തിന് ഭക്ഷണമുണ്ടാക്കാനും മറ്റും വൈകുന്നത് ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ള വഴക്കിന് കാരണമാകുന്നുണ്ട്. ശുദ്ധജലത്തിന്റെ അഭാവം കാരണം വയറിളക്കം പോലെയുള്ള രോഗങ്ങൾ കുട്ടികൾക്കിടയിൽ പതിവായി കാണുന്നുണ്ട്.

⇨ ചുരുളി എന്ന കാട്ടുചെടി പൂത്തുകഴിഞ്ഞാൽ ആ പൂക്കളിൽ നിന്നും തേനീച്ചകൾ ധാരാളമായി തേൻ ശേഖരിക്കും ⇨



മീൻപിടിക്കുന്ന കാടർ കുട്ടികൾ. ഫോട്ടോ: രജനീഷ്

## ഉപജീവനം

കാടരുടെ പ്രധാനപ്പെട്ട ഉപജീവനമാർഗ്ഗങ്ങളെല്ലാം തന്നെ കാടുമായി ബന്ധപ്പെട്ടുള്ളതാണ്. വനവിഭവ ശേഖരണവും മീൻ പിടുത്തവുമാണ് ഇതിൽ പ്രധാനം. കാലാവസ്ഥാ വ്യതിയാനം വനവിഭവങ്ങളിലുണ്ടാക്കിയ കുറവും വനത്തിന് സംഭവിച്ചുകൊണ്ടിരിക്കുന്ന ശോഷണവും ഇവർക്ക് കാടിന് പുറത്ത് പോയി ജോലിചെയ്യേണ്ടിവരുന്ന സാഹചര്യം സൃഷ്ടിച്ചു.

ഉപജീവനത്തിനായി കാടർ ഏറ്റവും അധികം ആശ്രയിക്കുന്ന വനവിഭവമാണ് തേൻ. തേനും തേനീച്ചയുമായും ബന്ധപ്പെട്ട് ഇവർക്കിടയിലുള്ള അനേകം കഥകളും ചൊല്ലുകളും കാടരുടെ ജീവിതത്തിൽ തേനിനുള്ള പ്രാധാന്യം വ്യക്തമാക്കുന്നു. തേനിനെയും തേനീച്ചകളെയും തേനെടുക്കേണ്ട രീതികളെയും കുറിച്ച് അപാരമായ ജ്ഞാനമുള്ളവരാണ് കാടർ. തേൻ കയ്യിലെടുത്ത് പരിശോധിച്ച് ഏതേത് പൂവിൽനിന്നെടുത്ത തേനാണ് അതെന്ന്വരെ കാടർക്ക് പറയാനാകും.

ലേഖകൻ ഒരിക്കൽ രുചിച്ച തേനിന്റെ സുഗന്ധത്തെ പറ്റി ചോദിച്ചപ്പോൾ കാടരുടെ മറുപടി “ചുരുളി പൂത്താൽ തേൻ മണക്കും” എന്നായിരുന്നു. അതായത് ചുരുളി എന്ന കാട്ടുചെടി പൂത്തുകഴിഞ്ഞാൽ ആ പൂക്കളിൽ നിന്നും തേനീച്ചകൾ ധാരാളമായി തേൻ ശേഖരിക്കും. ചുരുളിപ്പൂവിന്റെ തേനായതുകൊണ്ടാണ് അതിന് സുഗന്ധമുണ്ടായത്. “വെള്ളപ്പൈൻ പൂത്താൽ കുരുന്തേൻ കുത്തും” എന്നത് ഇവർക്കിടയിലുള്ള മറ്റൊരു ചൊല്ലാണ്. കുറുന്തേനീച്ചയുടെ പ്രജനന കാലത്താണ് വെള്ളപൈൻ പൂക്കുന്നത് എന്ന അറിവാണ് മേൽപറഞ്ഞ ചൊല്ലിലൂടെ കാടർ തലമുറകളിലേക്ക് കൈമാറുന്നത്. തേൻ എന്ന വസ്തു ഉണ്ടാകണമെങ്കിൽ തേനീച്ച ഉണ്ടാകണമെന്നും, തേനീച്ചക്ക് തേൻ ശേഖരിക്കണമെങ്കിൽ കാട്ടിൽ പൂക്കളുണ്ടാകണമെന്നും കാട്ടുചെടികൾ പൂക്കണമെങ്കിൽ കാലാവസ്ഥ കൃത്യമാകണമെന്നുമുള്ള മഹത്തായ പാരിസ്ഥിതിക വിവേകത്താൽ അനുഗൃഹീതരാണ് ഈ മനുഷ്യർ. ഇത്തവണ കാലവർഷം വല്ലാതെ വൈകി. മഴ പെയ്യേണ്ടപ്പോൾ പെയ്തില്ല. കാട്ടുചെടികൾ പൂത്തതുമില്ല. അതുകൊണ്ട് ഉൾക്കാട്ടിലല്ലാതെ മറ്റെവിടെയും ഇത്തവണ തേനില്ല. “ ഇതു പറയുമ്പോൾ വാഴച്ചാൽ കോളനിയിലെ സുരേഷിന്റെ ശബ്ദത്തിൽ നിരാശയും നിസ്സഹായതയും പ്രകടമായിരുന്നു. കാടർ എടുക്കുന്നതേനിന് ആവശ്യക്കാർ ഏറെയാണ്. പക്ഷെ താളം തെറ്റിപ്പെയ്യുന്ന മഴ കാടിനേയും കാടരേയും പ്രതിസന്ധിയിലാക്കുന്നു. മഴ തെറ്റിപ്പെയ്താൽ പൂക്കളും തേനും കുറയുന്നത് മാത്രമല്ല പ്രശ്നം. ഇക്കുറി വൈകിവന്ന കാലവർഷം ഇരട്ടപ്രഹരമാണ് കാടർക്ക് ഏൽപ്പിച്ചത്. തേനെടുക്കേണ്ട സമയത്താണ് ഇത്തവണ മഴ പെയ്തത്. ആകെപ്പാടെ ഉണ്ടായിരുന്ന തേനും മഴകൊണ്ട് ഉപയോഗിക്കാൻ പറ്റാത്ത അവസ്ഥയിലായി. തേനടകളിൽ വെള്ളം നിറഞ്ഞു. “മഴ പെയ്തു തുടങ്ങിയാൽ തേനീച്ചകൾ തന്നെ തേൻ കുടിച്ച് തീർക്കും. ഊർജ്ജനഷ്ടം സംഭവിക്കാതിരിക്കാനാണിത്. കാലാവസ്ഥ മാറുമ്പോൾ വലിയതോതിൽ നാശം സംഭവിക്കുന്ന വനവിഭവമാണ് തേൻ.” കാടർക്കിടയിൽ അനേകവർഷങ്ങളായി പ്രവർത്തി

ക്കുന്ന ഡോ. അമിതാ ബച്ചൻ സാക്ഷ്യപ്പെടുത്തുന്നു.

### മത്സ്യസമ്പത്ത്

കാട്ടിൽ പോകുന്നതുപോലെ മീൻ പിടിക്കാനും കാടർ കുടുംബസമേതമാണ് പോകുന്നത്. ചങ്ങാടത്തിൽ, പരമ്പരാഗത മത്സ്യബന്ധനരീതികൾ ഉപയോഗിച്ചാണ് മീൻ പിടുത്തം. ആരൽ ചെങ്കണി, ചൂര, ഈറ്റപ്പച്ചില തുടങ്ങി 30 ഓളം മത്സ്യങ്ങളാണ് പ്രധാനമായും അവർ പിടിക്കാറുള്ളത്. ഊത്തൽ മീൻ പിടുത്തം കാടർക്കിടയിലെ സവിശേഷമായ രീതിയാണ്. പ്രജനനത്തിനായി മത്സ്യങ്ങൾ പുഴയിൽ നിന്നു മേൽത്തടത്തിലേക്കും ചെറിയ കൈവഴികൾ വഴി നീരുറവകളുടെ തുടക്കത്തിലേക്കും യാത്ര ചെയ്ത്, ഒഴുക്കിനെതിരേ നീന്തി മുട്ടനിറഞ്ഞ സഞ്ചി പുൽപ്പടർപ്പിലും മറ്റും ഉരസി മുട്ടകൾ വിസർജ്ജിക്കുന്ന പ്രക്രിയയെയാണ് കാടർ ഊത്തൽ എന്ന് വിളിക്കുന്നത്. ശുദ്ധമായ വെള്ളവും ധാതുക്കളും മീൻകുഞ്ഞുങ്ങളുടെ ജനനസമയത്തുള്ള ദ്രുതവളർച്ചക്ക് അത്യാവശ്യമാണ്. അതിനായാണ് അവ ജനിതകപരമായ ഈ പ്രക്രിയ നടത്തുന്നത്. ഊത്തമീൻ പിടിക്കുക എന്നത് വർഷങ്ങളായിആദിവാസികളുടെ ജീവിതത്തിന്റെ ഭാഗമാണ്. പോഷകാഹാരപ്രധാനമായ ഭക്ഷണവും ആരോഗ്യസംരക്ഷണവും ഇതുവഴി സാധ്യമാകുന്നു. മഴപെയ്യുമ്പോൾ മുട്ടയിടാനായി പുഴയിൽ നിന്നും കൈവഴികളിലേക്കു വരുന്ന വലിയ മീനുകളെ പ്രത്യേകിച്ച് ഞഴു വിഭാഗത്തിൽപ്പെട്ടവയെ വല, കോരുവല, ചാക്ക് എന്നിവ ഉപയോഗിച്ചും കൈകൊണ്ടും പിടിക്കുകയാണ് ചെയ്യുന്നത്. ആയിരക്കണക്കിന് കിലോഗ്രാം മത്സ്യമാണ് ഈ സമയത്ത് പിടിക്കുന്നത്. അധികമായി കിട്ടുന്ന മീൻ ഉണക്കി സൂക്ഷിച്ച് പഞ്ഞകാലത്ത് ഉപയോഗിക്കുന്നു.

ഞെഴുവിന് പുറമെ കണയാൻപരൽ, പൂവാലിപരൽ, പാവായ് പരൽ എന്നിവയും കിട്ടാറുണ്ട്. പെട്ടെന്നുള്ള മഴയുടെ ഇല്ലാതാവൽ ഈ പ്രവൃത്തിക്ക് ഭംഗം വരുത്തുന്നു. ഒഴുക്ക് കുറയുന്നത് നീർച്ചാലിന്റെ – മലകളുടെ മുകളിൽ നിന്നുള്ള തിരിച്ച് വരവിന് വിഘാതമാകുന്നു. മഴയുടെ അളവിലും സമയങ്ങളിലുമുണ്ടായ മാറ്റം ഈയൊരു പ്രതിഭാസത്തെ ബാധിക്കുകയും ഊത്തമീൻ ലഭ്യത കുറക്കുകയും ചെയ്തിരിക്കുന്നു. പ്രകൃതിയിൽ കാലങ്ങളായുള്ള ഒരു പാരമ്പര്യപോഷകാഹാരസംവിധാനമാണ് ഇതുകൊണ്ട് ഇല്ലാതായിരിക്കുന്നത്. ഊത്തൽ എന്ന മത്സ്യപ്രജനന സംവിധാനത്തിന്റെ അസ്ഥിരത പുഴയിലെ ആകെ മത്സ്യലഭ്യതയേയും ബാധിച്ചിരിക്കുന്നു. പല മീനുകളും വംശനാശത്തിന്റെ വക്കിലാണ്. ഇതിന്റെ പ്രാധാന്യം മനസ്സിലാക്കി കേരള ജൈവ വൈവിധ്യബോർഡ് ഇതുസംബന്ധിച്ച് ഒരു പഠനം നടത്തുകയുണ്ടായി. കാലാവസ്ഥാവ്യതിയാനത്തിന്റെ ഭാഗമായിട്ടുള്ള ഈ പ്രശ്നങ്ങൾ പുഴയുടെ കീഴ്ത്തടങ്ങളിലും ബാധിച്ചിട്ടുണ്ട്. ഊത്തൽ സമയത്തുള്ള കീഴ്ത്തടത്തിലെ മത്സ്യലഭ്യതക്കുറവ് ആളുകളെ മേൽത്തടങ്ങളിലേക്ക് – ആദിവാസി വിഭവശേഖരണമേഖലകളിലേക്ക് കടുകയറാൻ പ്രേരിപ്പിക്കുന്നു. കാട്ടിലുള്ള ആദിവാസിയിതര മനുഷ്യഇടപെടൽ താരതമ്യേന സമാധാനശീലരായ ആദിവാസികളിൽ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. മൺസൂമഴയുടെ തുടക്കങ്ങളിൽ തന്നെയാണ് 'വരമീൻ' എന്നു വിളിക്കപ്പെടുന്ന കൊറ്റാൻ തവളകളുടെ വരവും. മണ്ണിനടിയിൽ നിന്നും പുറത്തുവരുന്ന ഇവയെ ശേഖരിച്ച് തീയിൽ ചുട്ടെടുത്ത് അടുക്കളയിൽ പുകയിൽ ഉണക്കി ശേഖരിക്കുകയും ശ്വാസം മുട്ടൽ, ചിക്കൻ പോക്സ് എന്നിവക്കായുള്ള മരുന്നായി ഉപയോഗിക്കുകയും ചെയ്യാറുണ്ട്. എന്നാൽ മഴക്കാലത്തിന്റെ വ്യതിയാനത്തിൽ വരമീൻപിടുത്തം ഇല്ലാതായെന്നാണ് വാഴച്ചാൽ മേഖലയിലെ ആദിവാസികൾ സങ്കടത്തോടെ പറയുന്നത്. 'ഇട്ട'(ചെറിയ ചെമ്മീൻ) ഇത്തരത്തിൽ കുറവുവന്നിട്ടുള്ള ഒരിനമാണ്.

കനത്തമഴയിൽ പുഴ കലങ്ങി ഒഴുകുമ്പോൾ മുഴി, ചൂര, പച്ചിലവെട്ടി, മലിഞ്ഞീൽ തുടങ്ങിയ മീനുകളെ ധാരാളമായി കിട്ടാറുണ്ടായിരുന്നു. എന്നാൽ മഴയിലുണ്ടായകുറവും മുകളിലെ ഡാമുകളുടെ ജലഒഴുക്കുനിയന്ത്രണവും ഇത്തരത്തിലുള്ള മീൻ പിടുത്തത്തെ ബാധിച്ചിട്ടുണ്ട്. അപ്രതീക്ഷിതമായ വരൾച്ചയിൽ പലപ്പോഴും മീനുകൾ ചത്തുപോകുന്നു. മഴക്കുറവും കാടിന്റെ നാശവും ഗുണശോഷണവും ഡാമുകളുടെ തെറ്റായ വൈദ്യുതോത്പാദനസംവിധാനവും ആണ് ഇതിനു കാരണമാകുന്നത്. 2012, നടപ്പുവർഷത്തിൽ ഒക്ടോബറിൽ ഒന്ന്, രണ്ട് ആഴ്ചകളിൽ രണ്ട് മുതൽ മൂന്ന് ദിവസം വരെ പുഴ വരണ്ടുപോകുകയും (വാഴച്ചാൽ മേഖലയിൽ) കുറേയധികം മീനുകൾ പുഴയിൽ വെള്ളമില്ലാതെ ചത്തുപോകുകയും ചെയ്തിട്ടുണ്ട്. ഇതെല്ലാം പുഴയെ ഒരു പ്രധാന ജീവനോപാധിയായി സ്വീകരിച്ചിട്ടുള്ള പ്രാക്തനഗോത്രവിഭാഗമായ കാടരെ വളരെയധികം ബാധിച്ചിരിക്കു

ന്നു. ഊത്തപിടുത്തമടക്കമുള്ള കാര്യങ്ങളിൽ ആദിവാസിസ്ത്രീകളും കുട്ടികളും പുരുഷന്മാർക്കൊപ്പം പങ്കാളികളാകാറണ്ട്. മാറിയ സാഹചര്യങ്ങൾ അവർ ഇടപെട്ടിരുന്ന മേഖലയിൽ നിന്നും അവരെ അകറ്റിയിരിക്കുന്നു. പ്രകൃതിയുമായുള്ള ബന്ധത്തിൽ ഒരു വിടവ് വിരിക്കുന്നു. ഊത്തകുറയുകയെന്നത് പുരുഷനെക്കാളുപരിയായി ആദിവാസിസ്ത്രീകളെ വികാരപരമായി ബാധിക്കുന്ന പ്രശ്നമാണ്. അവരുടെ ഒരു പ്രകൃതി ഉത്സവമാണ് ഇല്ലാതായിക്കൊണ്ടിരിക്കുന്നത്.

ശൂന്യമാക്കപ്പെട്ട ഒരു പ്രധാന പോഷണത്തിന്റെ കുറവ് നികത്താനായി കാടിനെ മറ്റുതരങ്ങളിൽ ആശ്രയിക്കേണ്ടതായി വരുത്തുകയും കാടിനു മുകളിൽ അധിക സമർദ്ദമേൽപ്പിക്കുകയും ചെയ്യുന്നു. ടൂറിസവും

കാടർ മഴക്കാടുകളിൽ മാത്രം ജീവിക്കുന്നവരാണ്. കാടരുടെ തനത് ആവാസമേഖലയിൽ മഞ്ഞക്കൂവ പോലുള്ള സസ്യങ്ങൾ കാണാറില്ല. ഈ പ്രദേശങ്ങളിൽ മഞ്ഞക്കൂവ കാണുന്നു എന്നു പറഞ്ഞാൽ കാടുനശിച്ചു എന്നാണ് അർഥമാക്കേണ്ടത്

അമിതവിഭവശേഖരണവും ഇതിന് ഉദാഹരണമാണ്. ഡാമുകൾ ചെളികലക്കി വിടുന്ന സമയത്ത് വെള്ളത്തിന്റെ കുറവുമൂലം ചെകിളകളിൽ ചെളികുടുങ്ങി പതിനായിരക്കണക്കിന് മീനാണ് ഇക്കൊല്ലം ഇല്ലാതായിട്ടുള്ളത്. ആദിവാസികളെ സംബന്ധിച്ചുള്ള സുസ്ഥിരമായ മീൻപിടുത്തം മുടങ്ങുകയും

ആദിവാസിയിതരർക്ക് വിഭവക്കൊള്ളയ്ക്കുള്ള - ചാകരയ്ക്കുള്ള സാഹചര്യം ഇത് ഉണ്ടാക്കുകയും ചെയ്യുന്നുണ്ട്. ഇത്തരം സംഭവങ്ങൾ ആദിവാസിയെ പുതിയ സ്വഭാവങ്ങളിലേക്ക്, വിഭവചൂഷണ പ്രവർത്തനങ്ങളിലേക്ക് സാവധാനം പരിവർത്തനപ്പെടുത്തുന്നു. ഊത്തൽകുറയുന്നതുകൊണ്ട് ഊത്തപിടുത്തം നിറുത്തിയവരിൽ (മീനുകളുടെ സംരക്ഷണത്തിന്) ഏറെയും ആദിവാസികളാണ്.

## മറ്റ് ഉപജീവന മാർഗ്ഗങ്ങൾ

കാടുമായി പലവിധ ബന്ധത്തിൽ ഏർപ്പെട്ടുകൊണ്ടിരിക്കുന്ന ഇവർ പങ്കാളിത്ത വനപരിപാലന പരിപാടികളിൽ മുഖ്യ സാന്നിദ്ധ്യമാണ്. തൈനടൽ, കാട്ടുതീ തടയൽ, ടൂറിസം മാനേജ്മെന്റ് എന്നിവ അവയിൽ പ്രധാനങ്ങളാണ്. പലതരം കിഴങ്ങുവർഗ്ഗങ്ങൾ, പഴങ്ങൾ, പൂവുകൾ, പശ, തേൻ, തെള്ളി, ചെമ്പരത്തിപ്പൂവ്, ചീനിക്ക, മരോട്ടി, കാട്ടുമത്തൻ, കാട്ടിഞ്ചി, മഞ്ഞക്കൂവ (കസ്തൂരി മഞ്ഞൾ), തുടങ്ങിയ പലവിധത്തിലുള്ള വന വിഭവങ്ങളാണ് കാടർ ശേഖരിക്കാറുള്ളത്.

“തേനും മീനും കിട്ടാതാകുമ്പോൾ മഞ്ഞക്കൂവ (കസ്തൂരി മഞ്ഞൾ) പോലുള്ള വന വിഭവങ്ങളാണ് ഞങ്ങൾ കൂടുതൽ ശേഖരിക്കാറുള്ളത്”. ഗീത പറയുന്നു. പലതരം കാട്ടു കിഴങ്ങുകളും പനകളും മറ്റും ധാരാളമായി ഇവിടെയുണ്ട്. കാലാവസ്ഥയിലുണ്ടാകുന്ന മാറ്റം ഈ കിഴങ്ങുകളെ കാര്യമായി ബാധിക്കാറില്ല. കാലാവസ്ഥാ വ്യതിയാനം സൃഷ്ടിക്കുന്ന ദുരന്തങ്ങളെ മറികടക്കാനുള്ള മാർഗ്ഗമായാണ് കാടർ ഇപ്പോൾ കിഴങ്ങുകളെ കാണുന്നത്. കാടർക്കിടയിൽ വർഷങ്ങളായി പ്രവൃത്തിക്കുന്ന ഡോ. അമിതാബച്ചൻ ഇതിനെ കാണുന്നത് മറ്റൊരു രീതിയിലാണ്. “കാടർ മഴക്കാടുകളിൽ മാത്രം ജീവിക്കുന്നവരാണ്. കാടരുടെ തനത് ആവസ മേഖലയിൽ മഞ്ഞക്കൂവ പോലുള്ള സസ്യങ്ങൾ കാണാറില്ല. ഈ പ്രദേശങ്ങളിൽ മഞ്ഞക്കൂവ കാണുന്നു എന്ന്പറഞ്ഞാൽ കാടുനശിച്ചു എന്നാണ് അർഥമാക്കേണ്ടത്”.

## ആഹാരം

മാറിവരുന്ന ജീവിത രീതികൾ കാടരുടെ ഭക്ഷണ സമ്പ്രദായങ്ങളിൽ ചെറിയ മാറ്റങ്ങൾ ഉണ്ടാക്കിയിട്ടുണ്ടെങ്കിലും പുഴമത്സ്യവും കാട്ടുകിഴങ്ങുകളും പലതരം ചീരകളുമൊക്കെയാണ് ഇപ്പോഴും ഇവരുടെ പ്രാധാന ഭക്ഷണങ്ങൾ. തേൻ ചീര, ആറ്റു ചീര തുടങ്ങിയ പലവിധത്തിലുള്ള ചീരകൾ അവർ ഭക്ഷണത്തിൽ ഉൾപ്പെടുത്തുന്നു. മത്സ്യവിഭവങ്ങളും കിഴങ്ങുകളും ചീരയുമെല്ലാം തന്നെ പൂർണ്ണമായും കാലാവസ്ഥയുമായി ബന്ധപ്പെട്ട് വിളവ് നൽകുന്നവയാണ്. സർക്കാരിൽ നിന്ന് സൗജന്യമായി ലഭിക്കുന്ന അരിയെക്കാളും മറ്റ് ഭക്ഷ്യവസ്തുക്കളേക്കാളും ഇവർക്ക് വേണ്ടവിധത്തിലുള്ള പോഷണം നൽകി, ആരോഗ്യത്തോടെ വംശം നിലനിർത്താൻ സഹായിക്കുന്നത് ഇവയൊക്കെയാണ്. കാടർ ഔഷധസസ്യങ്ങളെക്കുറിച്ച് കാര്യമായ അറിവുള്ളവരാണ്. വാഴച്ചാൽ വിനോദസഞ്ചാരമേഖലയോട് ചേർന്ന് സ്ഥിതി ചെയ്യുന്ന ഔഷധസസ്യ ഉദ്യാനത്തിന്റെ മേൽനോട്ടം കാടർ ആദിവാസികളാണ് നടത്തുന്നത്. തങ്ങളുടെ സ്വന്തം ആവശ്യങ്ങൾക്കുവേണ്ടി മാത്രം പച്ചമരുന്നുകൾ ശേഖരിച്ച് ഉപയോഗിക്കുന്ന കാടർക്ക് ഇതിന്റെ നിലനിൽപ്പിനെക്കുറിച്ചും സുസ്ഥിരതയേക്കുറിച്ചും വേണ്ടുവോളം ബോധ്യമു

ണ്ട്. തേൻ മരുന്നായി ഉപയോഗിക്കുന്ന കാടർ, ഇതിന്റെ ലഭ്യതക്കുറവിനെ കുറിച്ച് ആധിയുള്ളവരാണ്.

### ആവാസം

കേരളത്തിലെ ഏറ്റവും ജൈവവൈവിധ്യമുള്ള പറമ്പിക്കുളം - വാഴച്ചാൽ മേഖലകളിലാണ് കാടർ കാണപ്പെടുന്നത്. പുഴയിലും, നിത്യഹിതവനങ്ങളിലുമാണ് അവരുടെ ജീവിതം ചുറ്റിപ്പറ്റി നിൽക്കുന്നത്. വേനൽക്കാലങ്ങളിൽ വനവിഭവശേഖരണത്തിനും, മഴക്കാലങ്ങളിൽ മീൻപിടുത്തത്തിനും അവർ ഉപയോഗിക്കുന്നത് തടിയുടേയും, മുളയുടേയും ഭാഗങ്ങളാണ്. അച്ഛനും, അമ്മയും, കുഞ്ഞുങ്ങളും ഒരു നായയും അടങ്ങുന്ന ചെറുസംഘങ്ങളാണ് കാട്ടിലേക്ക് പോകുന്നത്. ചൂണ്ടയിട്ട് കാത്തിരിക്കുന്ന ഒരു കാടർ കുടുംബത്തിന്റെ കൂടെ അവരുടെ ഭാഗമായി ഇരിക്കുന്ന വളർത്തുനായ, കുടുംബത്തിലെ അംഗമല്ലായെന്ന് ആരും തന്നെ ചിന്തിക്കുകയില്ല. വനവിഭവശേഖരണ കാലമായാൽ കുടുംബത്തോടൊപ്പം കാടുകയറുകയും, അവിടെ പലസ്ഥലങ്ങളിൽ മാസങ്ങളോളം താമസിച്ച് മീൻപിടിച്ചും, വനവിഭവങ്ങൾ ശേഖരിച്ചും കഴിഞ്ഞുകൂടുന്നു. ഷോളയാർ പോലുള്ള നല്ല വനത്തിൽ പുലിയെകണ്ടു, കടുവയെകണ്ടു എന്നുള്ള വാദങ്ങൾ നാം പുറമെക്കാർ പറയുമ്പോൾ പൊതുവെ മിതഭാഷികളായ കാടർ ഉള്ളിൽ ചിരിക്കുന്നുണ്ടാവും. കാടും, മനുഷ്യനും മൃഗങ്ങളുമെല്ലാം ഒരുമിച്ച് ജീവിച്ച് വിഭവങ്ങൾ പങ്കിടുന്ന ഒരു ഉദാത്തമാതൃകയാണ് അവരുടെ ജീവിതം.

പുഴയോരക്കാടുകൾ നശിക്കുമ്പോൾ വൻമരങ്ങൾ കടപുഴകി വീഴുന്നത് വേഴാമ്പലിന്റെ ആവാസവ്യവസ്ഥയെ ബാധിക്കുന്നതുപോലെത്തന്നെ കാട്ടിൽ അല്ലെങ്കിൽ പുഴയിലുണ്ടാവുന്ന ഏതുമാറ്റവും കാടരെയും മാറ്റുന്നു. കാലാവസ്ഥാ വ്യതിയാനം മൃഗങ്ങളുടെ സ്വഭാവങ്ങളിൽ വരുത്തുന്ന മാറ്റം പോലെത്തന്നെ, വളരെ തണുത്ത ആവാസവ്യവസ്ഥയിൽ മാത്രം ജീവിച്ച് ശീലമുള്ള കാടരുടെ സ്വഭാവത്തിലും മാറ്റങ്ങൾ വരുത്തിയേക്കാം. രാവിലെ പുഴയിലെ തണുത്തവെള്ളത്തിൽ കുളിക്കുമ്പോൾ സൂര്യനെ പുറത്തുവിടാൻ പറഞ്ഞ് മേഘങ്ങളോട് പാടുന്ന പാട്ടുകൾ ഇവർക്കിടയിലുണ്ട്.

കാടുമായി ബന്ധപ്പെട്ട് ചെയ്യുന്ന എല്ലാ കാര്യങ്ങളും കാടർ വളരെ ആസ്വദിച്ച് സ്വാഭാവികമായി ചെയ്യുന്നവയാണ്. ഊരിനടുത്ത് പഠനസൗകര്യവും സ്കൂളുകളും കുറവായതിനാൽ വീട്ടിൽ നിന്നും മാറി നിന്ന് പഠനം നടത്തുന്ന കുട്ടികൾ വേനലവധിക്ക് ഊരിൽ തിരിച്ചെത്തുമ്പോൾ അച്ഛനമ്മമാരോടൊപ്പം കാട്ടിൽ സമയം ചെലവഴിക്കാൻ ആഗ്രഹിക്കുന്നവരാണ്. അഞ്ച് വയസ്സുകാരായ കാടൻ ആദിവാസികൂട്ടം ചങ്ങാടം തുഴഞ്ഞുപോയി മീൻപിടിക്കുന്ന വളരെ രസകരമായ കാഴ്ച ഇവർക്കിടയിൽ സാധാരണമാണ്. അതുകൊണ്ട് തന്നെ മീൻപിടുത്തത്തെ ഒരു വ്യവസായമായി കാണുന്ന ആരും തന്നെ ഇവർക്കിടയിലില്ല.

ആരോഗ്യവും, ആരോഗ്യസംരക്ഷണവും ഏതൊരുസമൂഹത്തിലേയും പോലെ ത്തന്നെ പ്രധാനമാണ് ഇവർക്കിടയിലും. ചുറ്റുപാടും കിട്ടുന്ന പച്ചമരുന്നുകൾ ഇപ്പോഴും ഉപയോഗിച്ചു പോരുന്നുണ്ട്. വീടുകളിലുള്ള പ്രസവം ഇപ്പോൾ ഇവർക്കിടയിൽ കുറവാണ്. പുതിയ തലമുറയ്ക്ക് ഇതിനെ സംബന്ധിച്ചുള്ള ധാരണ എത്രയുണ്ട് എന്നതിനെക്കുറിച്ച് കൃത്യമായി അറിയില്ല. മിക്കവാറും ആളുകൾ അലോപ്പതി മരുന്നുകൾ കഴിക്കുവരാണ്. കാടും, വന്യജീവികളുമായി ബന്ധപ്പെട്ട് ധാരാളം വിശ്വാസപ്രമാണങ്ങൾ ഇവർക്കിടയിൽ നിലനില്ക്കുന്നുണ്ട്. ഇവരുടെ പ്രദേശങ്ങളിലെ മിക്കവാറും എല്ലാ മലകൾക്കും തോടുകൾക്കും തന്നെ കാടരുടെ പേരുകളാണ് നൽകിയിരിക്കുന്നത്. കാടിന്റെ ചില ഭാഗങ്ങളിൽ പ്രവേശിക്കാതെ സൂക്ഷിക്കാനും ഇവർ ശ്രദ്ധിക്കുന്നുണ്ട്. മരണാനന്തര ചടങ്ങുകൾ പുഴയുടെ തീരത്ത് ചെറിയ കൂരകെട്ടി രാത്രി പാട്ടും, കുഴലൂത്തും, ഡാൻസുമൊക്കെയായാണ് ഇവർ നടത്താറുള്ളത്. മാറുന്ന കാലാവസ്ഥക്കനുസരിച്ച് നിശ്ചയമില്ലാതെ പെയ്യുന്ന മഴ പുഴയിലെ നീരൊഴുക്ക് പ്രവചനാതീതമാക്കുന്നു. ജനനം മുതൽ മരണംവരെയുള്ള എല്ലാ പ്രധാനപ്പെട്ട ചടങ്ങുകളും പുഴയുമായി ബന്ധപ്പെട്ടിരിക്കുന്നതിനാൽ ഇത് കാടരുടെ സംസ്കാരത്തെ സാരമായി ബാധിക്കുന്നു.

മറ്റു ആദിവാസി വിഭാഗങ്ങളെപ്പോലെ കൃഷിയോ കാലിവളർത്തലോ ഒന്നും കാടർ ചെയ്യാറില്ല. ആദിമമനുഷ്യന്റെ നിഷ്കളങ്കതകളും നന്മകളുമായാണ് കാടർ ഇപ്പോഴും കാടുകളിൽ കഴിയുന്നത്. വനം സംരക്ഷിക്കാൻ നിയമങ്ങൾ വരുന്നതിന് എത്രയോ കാലം മുമ്പേ കാട് കാത്തുപോന്നിരുന്നവരാണ് കാടർ. മാറുന്ന കാലാവസ്ഥയൊപ്പം തെറ്റുന്ന ഇവരുടെ താളങ്ങൾ മനുഷ്യരാശിയുടെ തന്നെ ശ്രുതിഭംഗമായിമാറുമെന്നതിൽ സംശയമില്ല. ■

### 100 മില്യൺ മരണങ്ങൾ

കാലാവസ്ഥാ വ്യതിയാനത്തിന് തടയിടാനായില്ലെങ്കിൽ 2030 ഓടെ ലോകത്ത് 100 മില്യൺ ആളുകൾ മരിക്കുമെന്ന് പഠന റിപ്പോർട്ട്. അന്താരാഷ്ട്ര സന്നദ്ധ സംഘടനയായ ഡോറ തയ്യാറാക്കിയ റിപ്പോർട്ട് 20 ഓളം രാജ്യങ്ങൾ അംഗീകരിച്ചു. ഫോസിൽ ഇന്ധനങ്ങളുടെ ഉപയോഗത്തിൽ കർശന നിയന്ത്രണം കൊണ്ടുവന്നില്ലെങ്കിൽ പ്രതിവർഷം 5 മില്യൺ പേർ മരിക്കുമെന്ന് പഠനം പറയുന്നു. 90 ശതമാനം മരണവും വികസ്വര രാജ്യങ്ങളിലായിരിക്കുമെന്നും 184 രാജ്യങ്ങളിൽ നടത്തിയ പഠനങ്ങളുടെ അടിസ്ഥാനത്തിൽ ഡോറ പറയുന്നു.